# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189

08.12.2015 ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയുടെ തകർച്ച

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ജി.സുധാകരൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ. ദാസൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങളും നിലപാടുകളും സഹകരണ മേഖലയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ വ്യക്തമാക്കുമോ; | (എ) സംസ്ഥാന സർക്കാരിന്റെ നയങ്ങളും നിലപാടുകളും സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതിസന്ധിയിലാക്കിയിട്ടില്ല. മറിച്ച് സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയും പുരോഗതിയും ലക്ഷ്യമാക്കി സംസ്ഥാന സഹകരണ വകുപ്പ് നിരവധി കർമ്മ പരിപാടികൾ നടപ്പിലാക്കുകയും അതിലൂടെ സഹകരണ മേഖലയിൽ ഒരു പുത്തനുണർവ്വ് സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ രംഗം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും, നിലവിലുള്ളവയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അതോടൊപ്പം പോരായ്മകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനും മേഖലയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളത്.<br>എന്നാൽ കേന്ദ്ര സർക്കാർ രാജ്യ വ്യാപകമായി സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന ചില നയങ്ങളും തീരുമാനങ്ങളും സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് അനുയോജ്യമല്ലെന്ന് ശ്രദ്ധയിൽപ്പെടുകയും ഇക്കാര്യത്തിൽ അനുകൂല നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും |

ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള വിഷയങ്ങൾ പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായുള്ള എം.പി. മാരുടെ യോഗത്തിൽ ചർച്ച ചെയ്തിരുന്നു. ആദായ നികുതി, സേവന നികുതി സംബന്ധിച്ച വിഷയങ്ങളിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സഹകരണ വകുപ്പ് മന്ത്രിയും ആഭ്യന്തര വകുപ്പ് മന്ത്രിയും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയെ നേരിൽക്കണ്ട് ചർച്ച നടത്തി സംസ്ഥാനത്തിന്റെ നിലപാട് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) ഈ മേഖലയിലെ നിയമ നിർമ്മാണങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നുണ്ടോ; ഇതു വഴി സമൂഹത്തിന് ലഭ്യമാകേണ്ട സേവനങ്ങൾ ഇല്ലാതാകുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) കേന്ദ്ര സർക്കാരിന്റെ ചില നയങ്ങളും നിലപാടുകളും സംസ്ഥാന സഹകരണ മേഖലയിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇത് വഴി സമൂഹത്തിന് ലഭ്യമായിക്കൊണ്ടിരുന്ന സേവനങ്ങൾ തടസ്സപ്പെടാതിരിക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്. |
| (സി) സഹകരണമേഖല തകരുന്നത് ഏതെല്ലാം തരത്തിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) സംസ്ഥാനത്തെ സഹകരണ മേഖല തകർന്നാൽ അത് സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ വൻപ്രത്യാഘാതം സൃഷ്ടിക്കുമെന്ന് വിലയിരുത്തുന്നു. ദീർഘനാളത്തെ പാരമ്പര്യമുള്ളതും വിവിധ മേഖലകളിലായി പടർന്ന് പന്തലിച്ച നിൽക്കുന്നതുമാണ് സഹകരണ മേഖല. സാധാരണക്കാരന്റെ കൈത്താങ്ങായ ഈ മേഖലയ്ക്ക് കോട്ടം സംഭവിച്ചാൽ അത് സംസ്ഥാനത്തെ ഇരുണ്ട നാളുകളിലേയ്ക്ക് നയിക്കുമെന്ന് കാണുന്നു. ഈ വിഷയം സംബന്ധിച്ച് സഹകാരികൾക്കും ഭരണാധികാരികൾക്കും വ്യക്തമായ കാഴ്ചപ്പാടുണ്ട്. അപ്രകാരം ഒരു തകർച്ച ഉണ്ടാകാതിരിക്കാൻ സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ